LIBRARY ARCHIVES Kerala Legislative Assembly

തെരുവുനായ്ക്കളെ കൊല്ലുന്നതിന് നടപടി

172 (5525) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ കഴിഞ്ഞ ജൂൺ മാസം മാത്രം 25000 (ഇരുപത്തയ്യായിരം) പേരെ നായ്ക്കൾ കടിച്ച് മുറിവേൽപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മനുഷ്യ ജീവന് ഭീഷണിയായ നായ്ക്കളെ അടിയന്തരമായി കൊല്ലുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; ഇല്ലെങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ ; പഞ്ചായത്തുകളിലെ ഉന്നത ഉദ്യോഗസ്ഥർക്ക് ഇതിനാവശ്യമായ ഉത്തരവുനൽകി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

(സി) നായ്ക്കളെ വീട്ടിൽ വളർത്തുന്നതിന് ആവശ്യമായ ലൈസൻസുകളും, പരിശോധനകളും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ ജില്ലാ വെറ്ററിനറി ആശുപത്രിയിൽ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യുക, മരുന്നുകൾ ആവശ്യത്തിന് ലഭ്യമാക്കുക, ABC പ്രോഗ്രാം ഫലപ്രദമായി നടത്തുന്നതിനാവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയാണ് പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്യുന്ന പദ്ധതികൾ. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ABC പ്രോഗ്രാം സംസ്ഥാനത്ത് ഒട്ടാകെ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

പഞ്ചായത്തുകളുടെ പ്രവർത്തനം

173 (5526) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളുടെ പ്രവർത്തനത്തിൽ പുതിയ പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ;

(ബി) പഞ്ചായത്തുകളിൽ വാർഡ് തലത്തിൽ ഫെസിലിറ്റേറ്റർമാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(സി) പഞ്ചായത്തു വകുപ്പിൽ എത്ര ഒഴിവുകളുണ്ടെന്ന് ജില്ലയും, തസ്തികയും തിരിച്ചുള്ള വിശദവിവരങ്ങൾ നൽകാമോ ;

(ഡി) പഞ്ചായത്ത് ഓഫീസുകളുടെ പ്രവർത്തനത്തിന് കുടുംബശ്രീയെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ മേഖലകളിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. പദ്ധതി നിർവ്വഹണത്തിന് വർഷത്തിൽ 12 മാസവും ലഭിക്കത്തക്ക രീതിയിൽ പദ്ധതി അംഗീകാര നടപടികൾ വേഗത്തിലാക്കുക, ജനപ്രതിനിധികൾക്ക് പരിശീലനം നൽകി ഭരണ നിർവ്വഹണത്തിന് പ്രാപ്തരാക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, ഗ്രാമപഞ്ചായത്തുകളിൽ വനിതാ ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുക, ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം അഴിമതിരഹിതവും സുതാര്യവുമാക്കുക (കമ്പ്യൂട്ടർവത്ക്കരണം, സേവനാവകാശ നിയമം) എന്നിവയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും ഗ്രാമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ ശക്തവും കാര്യക്ഷമവുമായ സോഷ്യൽ ആഡിറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. വാർഡ് സംബന്ധിക്കുന്ന പ്രധാന സ്ഥിതിവിവരങ്ങൾ, ഭൂപടങ്ങൾ എന്നിവ തയ്യാറാക്കി സൂക്ഷിക്കുവാനും വാർഡുതല വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും സർക്കാരിന്റെ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളുടെ ലിസ്റ്റുകൾ തയ്യാറാക്കി സൂക്ഷിക്കുവാനും വാർഡ് വികസന സമിതി ചുമതലപ്പെടുത്തുന്ന സന്നദ്ധ പ്രവർത്തകയായി കുടുംബശ്രീ അംഗത്വമുള്ള യോഗ്യയായ ഒരു വ്യക്തിയെ നിയോഗിക്കാവുന്നതാണ്. പ്രസ്തുത വ്യക്തി 'സേവാഗ്രാം ഫെസിലിറ്റേറ്റർ' ആയി പ്രവർത്തിക്കുകയും ആഴ്ചയിൽ അഞ്ചു ദിവസം (വൈകുന്നേരം 3 മുതൽ 7 വരെ) ഗ്രാമകേന്ദ്രത്തിൽ ഉണ്ടായിരിക്കുകയും ചെയ്യും. 'ഗ്രാമകേന്ദ്രം ഫെസിലിറ്റേറ്റർ' എ.ഡി.എസ്സിന്റെ സഹായത്തോടെ ഗ്രാമസഭാ പ്രവർത്തനങ്ങളും വാർഡ് വികസന സമിതി പ്രവർത്തനങ്ങളും സുഗമമാക്കുകയും പഞ്ചായത്തുകളുടെ നികുതി പിരിവ് തുടങ്ങിയ ചുമതലകളിൽ സഹായിക്കുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

(സി)

ജില്ല	സീനിയർ സൂപ്രണ്ട്	സെക്രട്ടറി	അസിസ്റ്റന്റ് സെക്രട്ടറി/ ജൂനിയർ സൂപ്രണ്ട്	ഹെഡ് ക്ലാർക്ക്	അക്കൗണ്ടന്റ്	സീനിയർ ക്ലാർക്ക്	ടൈപ്പിസ്റ്റ്
തിരുവനന്തപുരം						2	1
കൊല്ലം							
പത്തനംതിട്ട							
ആലപ്പുഴ			1				
കോട്ടയം							
ഇടുക്കി	1	5			1		
എറണാകുളം				1			
തൃശ്ശൂർ			1				
പാലക്കാട്			1		1		
മലപ്പുറം		1	1		2		
കോഴിക്കോട്		1	1				
വയനാട്		1					
കണ്ണൂർ			1	1			
കാസർഗോഡ്				2			
ആകെ	1	8	6	4	4	2	1

ക്ലാർക്ക്, ഓഫീസ് അസിസ്റ്റന്റ്, ഡ്രൈവർ തസ്തികകളിലെ ഒഴിവുകൾ ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. പഞ്ചായത്തുകളുടെ പ്രവർത്തനത്തിന് ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തെ സഹായിക്കുന്ന ചുമതല കുടുംബശ്രീയെ ഏല്പിക്കുന്നതിനും പഞ്ചായത്തിലെ വിവിധ സേവനങ്ങളെ സംബന്ധിച്ചുള്ള അറിവുകൾ നൽകുകയും വിവിധ ഫോറങ്ങൾ പൂരിപ്പിക്കുവാനുള്ള സഹായം നൽകുകയും ചെയ്യുന്നതിനു പുറമേ ഫോട്ടോസ്റ്റാറ്റ്, ഇന്റർനെറ്റ്, ഡി.റ്റി.പി., ഫാക്സ്, സ്റ്റാമ്പുകളുടെ വില്പന, ആവശ്യമായ സ്ഥലസൗകര്യം ലഭ്യമാക്കുന്നപക്ഷം ലഘുഭക്ഷണ സൗകര്യം ക്രമീകരിക്കുകയും ചെയ്യുക, കൂടാതെ ഗ്രാമപഞ്ചായത്ത് വിവിധ സമിതിയോഗങ്ങൾക്ക് ലഘുഭക്ഷണം, ഊണ് നൽകൽ മുതലായവ കുടുംബശ്രീക്ക് നൽകാവുന്നതാണ്.

കുടുംബശ്രീ മിഷൻ പദ്ധതികൾ നടപ്പിലാക്കുവാൻ സ്വകാര്യ സംഘടനകൾക്ക് അനുവാദം നൽകുന്നത്.

174 (5527) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കുടുംബശ്രീമിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഏതെങ്കിലും പദ്ധതികളുടെ നിർവ്വഹണം, സംഘാടനം എന്നിവ നടത്തുന്നതിലേക്ക് കേരള പീപ്പിൾസ് ഫോറം (കെ.പി.എഫ്.) എന്ന സംഘടനയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(ബി) കുടുംബശ്രീയുമായി മേൽപ്പറഞ്ഞ സംഘടനയ്ക്ക് എന്തെങ്കിലും ബന്ധമുണ്ടോ ; ഈ സംഘടന കുടുംബശ്രീയുമായി ബന്ധപ്പെട്ട് പദ്ധതികൾ ആവിഷ്കരിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്വകാര്യവ്യക്തികൾ രൂപം നൽകുന്ന സംഘടനകൾക്കോ, മറ്റ് സ്ഥാപനങ്ങൾക്കോ കുടുംബശ്രീ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ അനുവാദം നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ ;

(ഡി) കൊല്ലം ജില്ലയിൽ കെ.പി.എഫ്. എന്ന സംഘടന കുടുംബശ്രീയുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണം നടത്തുന്നുവെന്ന പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി&ഡി) ഇല്ല. ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly